# തഫ്സീറും അതിന്റെ ഉസൂലും
## ഒരു പഠനം

അബ്ദുൽഹഖ് സുല്ലമി ആമയൂർ (حَفِظَهُ الله)

മാനവസമൂഹത്തെ നേർവഴിക്കു നയിക്കുന്നതിനായി അല്ലാഹു ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ ദൈവദൂതന്മാരെ അയച്ചു. അവർക്ക് വേദഗ്രന്ഥങ്ങൾ നൽകി. അവരിലെ ശ്രേഷ്ഠനും അവസാനത്തവനുമായിരുന്നു മുഹമ്മദ് നബി(ﷺ) അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് ദൈവവചനമായ വിശുദ്ധ ക്വുർആൻ. ഈ ഗ്രന്ഥം ആ പ്രവാചകശ്രേഷ്ഠന്റെ രിസാലത്തിന്റെ അമാനുഷികതയുമാണ്.

എ.ഡി 571 ലായിരുന്നു പ്രവാചക(ﷺ)ന്റെ ജനനം. പ്രവാചകനായി നിയുക്തനാക്കപ്പെട്ടത് എ.ഡി. 610 ലും അദ്ദേഹത്തിന് അവതീർണമായ വിശുദ്ധ ക്വുർആൻ അറബി ഭാഷയിലാണ്. ഈ കാലഘട്ടത്തിൽ അറബിഭാഷ അതിന്റെ ഉത്തുംഗതയിൽ എത്തിനിന്നിരുന്നു. പ്രസംഗകലയിലും കവിതാരചനയിലും അറബികൾ അതിവിദഗ്ധരായിരുന്നു. അറബിഭാഷക്കുതന്നെ ഒരു വശീകരണശക്തിയുണ്ട്. അതിന്റെ ഭാഷാഘടനയും അലങ്കാര പ്രയോഗങ്ങളും അതിനു മാറ്റുകൂട്ടി. അഗാധജ്ഞാനവും ആശയവൈപുല്യവും ചുരുങ്ങിയ വാക്കുകളിൽ പ്രകടിപ്പിക്കാനുള്ള കഴിവ് ആ ഭാഷക്ക് മാത്രം അവകാശപ്പെട്ടതാണ്.

**തഫാസീറുകളെക്കുറിച്ചും അതിന്റെ ഉസൂലുകളെക്കുറിച്ചും നമ്മുടെ അറബിക്കോളേജുകളിലെ വിദ്യാർഥികളിൽ ചിന്ത ജനിപ്പിക്കുകയെന്നതാണ് ഈ ലേഖന ലക്ഷ്യം. ഈ രംഗത്ത് പൂർവസൂരികൾ നിർവഹിച്ച ത്യാഗങ്ങളും പ്രയാസങ്ങളും അറിയണം. അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ അർഥവ്യാപ്തിയും അതിലൂടെ ലഭിക്കേണ്ട ഹിദായത്തും നാം അറിയണം. തോന്നിയതൊക്കെ തഫ്സീറായി പറയാവതല്ല. ഒരു ക്വുർആൻ പരിഭാഷ വായിച്ചറിയുന്നതോടെ ക്വുർആൻ പഠിച്ചുവെന്ന ധാരണയിൽപെട്ടുപോകരുത്.**

### തഫ്സീർ (تفسير)

ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ട വിശ്വാസകാര്യങ്ങളും കർമവിഷയങ്ങളും അവർക്കു അറിയുന്ന ഭാഷാപദങ്ങളിലൂടെ ക്വുർആൻ അവതരിപ്പിച്ചു. അദൃശ്യവിജ്ഞാനങ്ങൾ, പൂർവചരിത്ര സംഭവങ്ങൾ, ഭാവികാര്യങ്ങൾ, ദൈവത്തിന്റെ ഗുണവിശേഷണങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ, തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങൾ ക്വുർആനിലുണ്ട്. ഇവയുടെയൊക്കെ അവതരണലക്ഷ്യം മനുഷ്യരുടെ നേർവഴിയും.

അറബികൾ വിവിധ ഗോത്രങ്ങളായും വിവിധ പ്രദേശങ്ങളിലുമായിരുന്നുവല്ലോ താമസം. സ്ഥലകാല വ്യത്യാസം ഭാഷാപ്രയോഗങ്ങളിലും വ്യത്യാസമുണ്ടാക്കുമെന്നത് നമുക്ക് സുപരിചിതം. മലയാളഭാഷയിൽതന്നെ തെക്കുനിന്ന് വടക്കോട്ട് നടന്നു പരിശോധിച്ചാൽ ഇത് പ്രകടം. ഈ

പ്രകടത അറബിഭാഷക്കുണ്ട്. ക്വുർആൻ അവതരിച്ചതാകട്ടെ കൂടുതൽ പ്രചാരത്തിലുള്ളതും കൂടുതൽ സ്പഷ്ടവുമായ ഖുറൈശികളുടെ ഭാഷയിൽ. അതിനാൽ ഇതരർക്കുകൂടി ഗ്രഹിക്കാൻ വിശദീകരണങ്ങൾവേണ്ടി വന്നു. അതോടൊപ്പം ഭാഷ സുപരിചിതമാണെങ്കിലും ആശയ, വിധിരൂപവിവരണവും ചിലയിടങ്ങളിൽ വേണ്ടി വന്നു. ഈ വിവരണമത്രെ തഫ്സീർ. വിവിധ ഘട്ടങ്ങൾ തഫ്സീറിനുണ്ടായിട്ടുണ്ട്. അതായത്, തുടക്കം, വളർച്ച, ക്രോഡീകരണം എന്നിങ്ങനെ. ഇതിനെക്കുറിച്ചുള്ള ഒരു പഠനമാണ് അൽപം ദീർഘമാണെങ്കിലും ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

**തഫ്സീർ പ്രാവാചക(ﷺ)ന്റെ കാലത്ത്**

വിശുദ്ധ ക്വുർആനിന്റെ സംരക്ഷണം (ആശയത്തിലും പദത്തിലും) അല്ലാഹു ഏറ്റെടുത്തിട്ടുണ്ട്.

﴿ إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَـٰفِظُونَ ﴿٩﴾ ﴾ الحجر: ٩

‘തീർച്ചയായും നാമാണ് ഈ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്.’ (ഹിജ്ർ: 9)

അപ്രകാരം പ്രവാചകന്റെ മനസ്സിൽ അത് ഹൃദിസ്ഥമാക്കി നിലനിർത്താനുള്ള ചുമതലയും അല്ലാഹു ഏറ്റെടുത്തിട്ടുണ്ട്.

﴿ لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾ إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾ فَإِذَا قَرَأْنَـٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾ ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾ ﴾ القيامة: ١٦ - ١٩

‘നീ അത് (ക്വുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി നിന്റെ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ (ക്വുർആനിന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങിനെ നാം അതിനെ ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരുലും നമ്മുടെ ബാധ്യതയാകുന്നു.’ (ഖിയാമ: 16-19)

വിശുദ്ധ ക്വുർആനിലെ അവ്യക്തത വ്യക്തമാക്കൽ അല്ലാഹു തന്നെയാണ് നിർവഹിക്കേണ്ടതെന്ന് വ്യക്തം. എന്നാൽ വ്യക്തമാക്കുകയെന്ന കാര്യം നിർവഹിക്കുന്നത് പ്രവാചകനും.

﴿ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴿٤٤﴾ ﴾ النحل: ٤٤

‘ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. (അന്നഹ്ൽ: 44)

അതിനാൽ സ്വഹാബത്ത് അവർക്ക് തിരിയാതെ വന്ന ക്വുർആനിലെ ഭാഗങ്ങൾ വ്യക്തമാക്കിത്തരാൻ പ്രവാചക(ﷺ)നോട് ആവശ്യപ്പെട്ടു. തദവസരങ്ങളിൽ ക്വുർആനിലെ ആശയ അവ്യക്തത പ്രവാചകൻ(ﷺ) വ്യക്തമാക്കിക്കൊടുത്തു. പദങ്ങളുടെ അർത്ഥം അറിയാത്തവയും വ്യക്തമാക്കി. കർമ രൂപങ്ങൾ കാണിച്ചുകൊടുത്തു. എന്നാൽ ചിലർ പറയും പ്രകാരം ക്വുർആനിലെ ഓരോ ആയത്തും വിവരിച്ചുകൊടുത്തിട്ടില്ല. കാരണം സംബോധിതർ അറബികളായതിനാൽ അവരുടെ പ്രഥമ ശ്രവണത്തിൽ ഗ്രഹിക്കുന്നവർക്ക് തഫ്സീർ (വിവരണം) വേണ്ടി വന്നില്ലയെന്നതാണതിനു കാരണം. മാത്രമല്ല ഗ്രഹണശേഷിയിൽ അവർ തമ്മിൽ ഏറ്റക്കുറച്ചിലും ഉണ്ടായിരുന്നു. ദീർഘമല്ലാത്ത ചുരുങ്ങിയ സംക്ഷിപ്ത വിവരണമായിരുന്നു നബി(ﷺ)യുടെ വിവരണരീതി.

**തഫ്സീർ സഹാബത്തിന്റെ കാലത്ത്:**

പ്രവാചക(ﷺ)ന്റെ കാലത്ത് അവ്യക്തത അനുഭവപ്പെടുമ്പോൾ പ്രവാചക(ﷺ)നോട് അവർ ചോദിച്ചറിയും. അല്ലാത്തപക്ഷം അവർ പരസ്പരം ചോദിച്ചറിയുകയും ഇജ്തിഹാദ് നടത്തുകയും ചെയ്യും. സൂറ: അബസയിലെ 31-ാം വചനത്തിലെ ﴿وَأَبًّا﴾ എന്ന പദം ഉമർ(رضي الله عنه)വിന് തിരിയാതെയായി; അത് പ്രവാചകൻ(ﷺ) മനസ്സിലാക്കിക്കൊടുത്തു. ﴿فَاطِرِ ٱلسَّمَٰوَٰتِ﴾ എന്നതിന്റെ അർത്ഥം ഇബ്നു അബ്ബാസ്(رضي الله عنه) മനസ്സിലാക്കിയത് രണ്ട് അഅ്റാബികൾ വന്ന് ഒരു കിണർ കുഴിച്ചതിനെക്കുറിച്ച് തർക്കിച്ചപ്പോൾ أنا فطرتها എന്നു പറഞ്ഞപ്പോഴാണ് أنا ابتدأتها എന്ന അർത്ഥം അദ്ദേഹത്തിനു മനസ്സിലായത്.[1]

സൂറ: ബഖറയിലെ 187-ാം വചനത്തിലെ ﴿ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ ٱلْأَسْوَدِ﴾ എന്നതെന്താണ് പ്രവാചകൻ അദിയ്യ്ബ്നു ഹാതിമ്(رضي الله عنه)ന് വ്യക്തമാക്കിക്കൊടുത്തു. വെളുപ്പുനൂലും കുറുപ്പു നൂലുമാണെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ.

സ്വഹാബാക്കളുടെ കൈവശം ക്വുർആനിനെ മുഴുവനായും ഉൾക്കൊണ്ട ഒരു തഫ്സീർ ഉണ്ടായിരുന്നില്ല. അതിന്റെ ആവശ്യം അവർക്കുണ്ടായിരുന്നില്ലെന്നതാണതിനു കാരണം. ഇസ്റാഈലി കഥകളും അവരുടെ തഫ്സീറുകളിൽ കുറവായിരുന്നു. അപ്രകാരം മോശപ്പെട്ടരീതിയിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന വിവരണവും ഉണ്ടായിരുന്നില്ല. അഥവാ കൃത്രിമ വ്യാഖ്യാനവും കരുതിക്കൂട്ടി തെറ്റായ വിവരണവും ഉണ്ടായിരുന്നില്ല. മറ്റൊരു സവിശേഷത, ക്രോഡീകരണത്തിന്റെ ഘട്ടമല്ലായിരുന്നതിനാൽ റിപ്പോർട്ട് രൂപത്തിലായിരുന്നു അന്നത്തെ തഫ്സീർ. അബ്ദുല്ലാഹിബ്നു അംറ്ബ്നു ആസ്(رضي الله عنه)നെപ്പോലുള്ള ചിലർ തഫ്സീർ ക്രോഡീകരിച്ച് സൂക്ഷിച്ചിരുന്നുവെന്നത് ഇവിടെ വിസ്മരിക്കുന്നില്ല.[2]

> **ക്വുർആൻ അവതരിച്ചതാകട്ടെ കൂടുതൽ പ്രചാരത്തിലുള്ളതും കൂടുതൽ സ്പഷ്ടവുമായ ഖുറൈശികളുടെ ഭാഷയിൽ. അതിനാൽ ഇതരർക്കുകൂടി ഗ്രഹിക്കാൻ വിശദീകരണങ്ങൾവേണ്ടി വന്നു. അതോടൊപ്പം ഭാഷ സുപരിചിതമാണെങ്കിലും ആശയ, വിധിരൂപവിവരണവും ചിലയിടങ്ങളിൽ വേണ്ടി വന്നു. ഈ വിവരണ മത്രെ തഫ്സീർ.**

തഫ്സീറിൽ സ്വഹാബത്തിന്റെ രീതിയെ താഴെപറയും വിധം സംഗ്രഹാക്കാം:

(1) ‘ക്വുർആനിനെ ക്വുർആൻകൊണ്ട് വിവരിക്കുക’.

(2) ‘ക്വുർആനിനെ പ്രവാചകന്റെ വചനങ്ങൾക്കൊണ്ട് വിവരിക്കുക’. ഹദീസ് ഗ്രന്ഥങ്ങളിൽ أبواب تفسير എന്ന പേരിൽ ഇത്തരം രിവായത്തുകൾ ചേർത്തിക്കാണാം. ഉദാഹരണമായി: സൂറ: ആൻആമിലെ 82-ാം വചനത്തിലെ ﴿بِظُلْمٍ﴾ എന്താണെന്ന് പ്രവാചക(ﷺ)നോട് സംശയം ചോദിച്ചപ്പോൾ സൂറ ലുഖ്മാനിലെ 13-ാം വചനം ഓതിക്കേൾപ്പിച്ച് പ്രവാചക(ﷺ)നത് വ്യക്തമാക്കി. അപ്രകാരം الحج الأكبر എന്തെന്ന് ചോദിച്ചപ്പോൾ നബി(ﷺ) അത് يوم النحر പറഞ്ഞതായി അലി(رضي الله عنه) റിപ്പോർട്ട് ചെയ്യുന്നു.

---

[1] الإتقان في علوم القرآن: വാ. 1, പേജ് 149

[2] الطبقات الكبرى: പേജ് 187. ഭാ. 2 വാള്യം: 17

(3) 'സ്വഹാബത്തിന്റെ ഇജ്തിഹാദ്' അവർക്ക് അറബിഭാഷയറിയാം. അറബികളുടെ സ്വഭാവങ്ങളും ആചാരങ്ങളുമറിയാം. ജൂതക്രൈസ്തവരുടെ സ്ഥിതിയറിയാം, ക്വുർആനിന്റെ അവതരണത്തിന് സാക്ഷികളാണ് അവർ. അതിന്റെ അവതരണ കാരണങ്ങൾ അവർക്കറിയാം, ഗ്രഹണശേഷിയും ബുദ്ധിശക്തിയും അവർക്കു കൂടുതലായുണ്ട്. ഇവയൊക്കെ അവരെ ഇജ്തിഹാദിന് യോഗ്യരാക്കി. അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി ഉബയ്യ്ബ്നു കഅ്ബ്, സൈദ്ബ്നുഥാബിത്, അബൂമുസൽ അശ്അരി, ആഇശ(ﷺ) എന്നിവർ ഇജ്തിഹാദ് നടത്തി തഫ്സീർ പറഞ്ഞവരാണ്. കുറഞ്ഞതോതിൽ ഇജ്തിഹാദ് നടത്തിയവരാണ്. അനസ്ബ്നുമാലിക്, അബൂഹുറൈറ, ഇബ്നുഉമർ, ജാബിറുബ്നു അബ്ദുല്ല, അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(ﷺ) എന്നിവർ ഏറ്റവും കൂടുതൽ തഫ്സീർ പറഞ്ഞവരെന്ന് ഖ്യാതി നേടിയവരാണ്.

അലിയ്യ്(ﷺ) ഭരണത്തിലും യുദ്ധത്തിലും മുഴുകിയതിനാൽ വലിയ ശിഷ്യവൃന്ദം അദ്ദേഹത്തിനുണ്ടായില്ല. ബാക്കി മൂന്നുപേർ അവരുടെ കേന്ദ്രങ്ങളിൽ ക്വുർആൻ അധ്യാപനത്തിൽ മുഴുകുകയും ധാരാളം ശിഷ്യന്മാരും അവരുടെ ശിഷ്യരുമായി ലോകപ്രശസ്തിനേടി.

സഹാബികളുടെ തഫ്സീറുകളോട് താഴെ പറയുന്ന നിലപാട് സ്വീകരിക്കണമെന്നാണ് പണ്ഡിതാഭിപ്രായം.

(1) അദൃശ്യകാര്യങ്ങൾ, അവതരണ കാരണങ്ങൾ എന്നിങ്ങനെ നമുക്ക് ബുദ്ധികൊണ്ട് ചിന്തിച്ച് പറയാൻ പാടില്ലാത്ത കാര്യങ്ങളില്ലാത്തവയിൽ مرفوعന്റെ (നബിയിലേക്ക് ചേർത്തി പറയുന്നതിന്റെ വിധിയാണ് അവരുടെ ഇജ്തിഹാദിന്)

(2) ഇപ്രകാരമല്ലാത്തവയാണെങ്കിൽ അവയെ സ്വീകരിക്കാതെ നിർത്തുക എന്നതാണ്. എന്നാൽ അവയും സ്വീകരിക്കണമെന്ന് പറയുന്നവരുണ്ട്.

**തഫ്സീർ താബിഉകളുടെ കാലത്ത്**

താബിഉകളുടെ തഫ്സീറും മുഖ്യ തഫ്സീറുകളായി പരിഗണിക്കപ്പെടുന്നു. സഹാബികളുടെ തഫ്സീറിന്റെ രീതികൾ പറഞ്ഞതുപോലെ ഒന്നും രണ്ടും കഴിഞ്ഞാൽ മൂന്നാമതായി സഹാബികളുടെ തഫ്സീറുകൾ പറയുകയെന്നതാണ് അവരുടെ രീതി. നാലാമതായി അവർ ഇജ്തിഹാദ് ചെയ്യുന്നു. കാരണം ക്വുർആനിൽ ഒട്ടേറെ ചരിത്രകഥകൾ അവരുമായി ബന്ധപ്പെട്ടവയുണ്ട്. മുസ്ലിംകൾ നാടുകൾ കീഴടക്കിയപ്പോൾ ഒട്ടേറെ ജൂതക്രൈസ്തവർ ഇസ്ലാമിൽ പ്രവേശിച്ചു. അവരിൽനിന്നു കിട്ടിയ പൂർവ കഥകൾ താബിഉകൾ ക്വുർആൻ വിവരണങ്ങളായി ചേർത്തിയിട്ടുണ്ട്. ഇത്തരം കഥകളെയാണ് നാം ഇസ്റാഈലിയ്യാത്തുകൾ എന്നു പറയുന്നത്. അബ്ദുല്ലാഹിബ്നുസലാം, കഅ്ബുൽ അഹ്ബാർ, വഹബ്ബ്നുമുനബ്ബഹ്, അബ്ദുല്ലാഹിബ്നു ജുറൈജ് എന്നിവരിൽ നിന്നാണ് കൂടുതലും ഇത്തരം ഇസ്റാഈലിയ്യാത്തുകൾ ലഭിച്ചിട്ടുള്ളത്.

താബിഉകളുടെ തഫാസീറുകളിൽ താഴെ പറയുന്ന പ്രത്യേകതകൾ കാണാം.

1. ഇസ്റാഈലിയ്യാത്തുകളുടെ രംഗപ്രവേശം.
2. അനറബികളുടെ ഇസ്ലാം ആശ്ലേഷണത്താൽ ഉണ്ടായ ആനുകാലിക പ്രശ്നങ്ങളുടെയും സഹാബാക്കൾ കൈകാര്യം ചെയ്യാത്ത വിഷയങ്ങളുടെയും ആവശ്യം നേരിട്ടതിനാൽ വേണ്ടിവന്ന പുതിയ വ്യാഖ്യാനങ്ങളും ഇജ്തിഹാദുകളും.
3. പ്രത്യേക പ്രദേശങ്ങളിലെ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പ്രവണത. അതായത് മക്കക്കാർ ഇബ്നു അബ്ബാസ്(ﷺ)ൽനിന്ന്, മദീനക്കാർ ഉബയ്യുബ്നു കഅ്ബ്(ﷺ)ൽനിന്ന്, ഇറാഖുകാർ ഇബ്നു മസ്ഊദ്(ﷺ)ൽനിന്ന്.
4. അഭിപ്രായ വ്യത്യാസങ്ങളുടെ ആധിക്യം. ഇജ്തിഹാദു കടന്നുവന്നപ്പോൾ ഒരു ആയത്തിനു തന്നെ വിവിധ വിശദീകരണങ്ങളുണ്ടായി.

മുജാഹിദ്ബിനുജബർ(مجاهد بن جبر), സഈദുബ്നു ജുബൈർ(سعيد بن جبير), അത്വാഅ്( عطاء بن أبي رباح), ഇക്രിമ(عكرمة مولى ابن عباس), ഹസനുൽ ബസ്വരി(الحسن البصري), സൈദുബ്നു അസ്ലം(زيد بن أسلم), ഖത്താദത്തുബ്നു ദആമത്ത്(قتادة بن دعامة), മുഹമ്മദ്ബ്നു കഅബുൽഖുറളി(محمد بن كعب القرظي), അബുൽ ആലിയ: അർറൈഹാനി(أبو العالية), ആമിറുശ്ശുഅബി( عامر بن شراحيل الشعبي)(ﷺ) എന്നിവരാണ് താബിഉകളിലെ പ്രമുഖ മുഫസ്സിറുകൾ.

താബിഉകൾ നൽകുന്ന വിവരണങ്ങൾ സ്വീകരിക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ പ്രകടമായ ഭിന്നതകളുണ്ട്. ഇബ്നു ഉഖൈൽ, അഹമ്മദ് ബ്നു ഹമ്പൽ, ശുഅ്ബത്ത്(ﷺ) എന്നിവരുടെ അഭിപ്രായം അവരുടെ തഫ്സീർ സ്വീകരിക്കാവതല്ലെന്നാണ്. കാരണം സ്വഹാബത്തിനെ പോലെ പ്രവാചക(ﷺ)നിൽനിന്ന് നേരിട്ട് കേട്ടവരല്ലല്ലോ താബിഉകൾ. അവർക്ക് ക്വുർആൻ അവതരണങ്ങളും അറിഞ്ഞുകൂടാ. തന്നെയുമല്ല സ്വഹാബത്ത് മുഴുവൻ നീതിമാൻമാരാണ്. ആ നിലവാരത്തിലേക്ക് താബിഉകൾ ഉയർന്നിട്ടില്ല.

എന്നാൽ മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം സ്വഹാബത്തിന്റെ അഭിപ്രായവും കൂടുതലും ഇജ്തിഹാദും ഇല്ലാത്തവയിൽ താബിഉകളുടേത് സ്വീകരിക്കാമെന്നാണ്. ഇബ്നു തൈമിയ്യ(ﷺ) പറയുന്നത് താബിഉകൾ ഏകോപിച്ചു പറഞ്ഞവ സ്വീകരിക്കാമെന്നാണ്.

**തഫ്സീർ ക്രോഡീകരണഘട്ടത്തിലേക്ക്**

ഇത്രയും കാലം തഫ്സീർ വായിൽനിന്ന് കേൾക്കലും അപ്രകാരം പകർന്നുകൊടുക്കലുമായിരുന്നു രീതി.

ഹിജ്റ: ഒന്നാം നൂറ്റാിന്റെ അവസാനത്തോടുകൂടി തഫ്സീർ ക്രോഡീകരിക്കാൻ തുടങ്ങി. ഈ കാലത്തുതന്നെയാണ് ഹദീഥുകളുടെ ക്രോഡീകരണവും തുടങ്ങുന്നത്. തഫ്സീർ ക്രോഡീകരണത്തിനു വിവിധ ഘട്ടങ്ങളുണ്ട്.

**ഒന്നാംഘട്ടം**

ഹദീഥുഗ്രന്ഥങ്ങളിലെ വിവധ അദ്ധ്യായങ്ങളെപ്പോലെ(ابواب) ഒരദ്ധ്യായമായി തഫ്സീറിനെയും ഉൾപ്പെടുത്തി ابواب التفسير എന്ന് അറിയപ്പെടുന്നു. ഇപ്രകാരം എഴുതിയവരിൽ പ്രമുഖർ.

1. യസീദുബ്നുഹാറൂനുസ്സുലമി يزيد بن هارون السلمي (ഹി: 206ൽ മരിച്ചു)
2. ശുഅ്ബത്തുബനുൽ ഹജ്ജാജ് شعبة بن الحجاج (മ:160)
3. വകീഉബ്നുൽജർറാഹ് وكيع بن الجراح (മ:197)
4. അബ്ദുബ്നുഹുമൈദ് عبد بن حميد (മ:249)

ഇത്തരം ക്രോഡീകരണത്തിന്റെ സവിശേഷതകൾ

1. സനദുകളിലെ സൂക്ഷ്മത
2. ഹദീഥുഗ്രന്ഥങ്ങളിലെ അധ്യായം മാത്രം. സ്വതന്ത്ര തഫ്സീറുകളല്ല.

3. നബി(ﷺ)യിലേക്ക് ചേർക്കപ്പെട്ടതുകൂടാതെ സഹാബത്തിന്റെയും താബിഉകളുടെയും അഭിപ്രായങ്ങളും ഉൾപ്പെടുത്തി.

**രണ്ടാം ഘട്ടം**

മുസ്ഹഫുകളിലെ ക്രമമനുസരിച്ച് സൂറത്തുകളുടെയും ആയത്തുകളുടെയും സമഗ്രമായ വ്യാഖ്യാനം. ഇങ്ങിനെ ഒന്നാമതായി ചെയ്തത് അബ്ദുൽമാലിക്ബ്നു ജുറൈജാണെന്നാ(ഹി: 80-140) ഇബ്നുതൈമിയ്യയും, ഇബ്നുഖല്ലീക്കിന്നും അഭിപ്രായപ്പെടുന്നു. ഈ ഘട്ടത്തിൽ തഫ്സീർ ക്രോഡീകരിച്ച പ്രമുഖർ.

1. ഇബ്നുമാജ ابن ماجة (മ:275)

2. ഇബ്നുജരീർ ത്വബരി ابن جرير الطبري (മ:310)

3. അബൂബക്കർ മുൻദിർ അന്നൈസാബൂരി أبو بكر محمد بن إبراهيم بن المنذر النيسابوري (മ:318)

4. ഇബ്നുഅബീഹാതിം ابن أبي حاتم (മ:327)

5. ഇബ്നുഹിബ്ബാൻ ابن حبان (മ:369)

6. അൽഹാകിം الحاكم (മ:405)

7. ഇബ്നുമർദവൈഹി ابن مردويه (മ:410)

ഈ ഘട്ടത്തിലെ ക്രോഡീകരണത്തിന്റെ സവിശേഷതകൾ

1. നബി (ﷺ)യിൽ നിന്നും, സഹാബത്തിൽനിന്നും താബിഉകളിൽനിന്നും ഉദ്ധരിക്കപ്പെടുന്നവ ഉൾപ്പെടുത്തി.
2. ആരിൽനിന്ന് ഉദ്ധരിക്കപ്പെടുന്നുവോ അവരിലെത്തുന്ന സനദുകളും ചേർത്തി.
3. صحيح-ഉം ضعيف-ഉം വേർതിരിക്കുന്നതിൽ ശ്രദ്ധച്ചില്ല. അഥവാ ലഭിച്ച റിപ്പോർട്ടുകൾ മുഴുവൻ ഉൾപ്പെടുത്തി.
4. ഇസ്റാഈലിയ്യാത്തുകൾ വർദ്ധിച്ചു.

**മൂന്നാംഘട്ടം**

തഫ്സീറിന്റെ ചരിത്രത്തിൽ അപകടകരമായ ഘട്ടമാണിത്. സനദുകൾ ചുരുക്കുകയോ ഒഴിവാക്കുകയോ ചെയ്തു. ആരിൽനിന്ന് റിപ്പോർട്ടു ചെയ്യുന്നുവെന്നുപോലും പറഞ്ഞില്ല. അതിനാൽ തഫ്സീറുകളിൽ തെറ്റും ശരിയും ഇടകലർന്നു. എങ്കിലും ഈ അപകടസന്ധിയിൽനിന്ന് ഈ മതത്തെ രക്ഷിക്കാൻ കെൽപ്പുറ്റ പണ്ഡിതശ്രേഷ്ഠരാൽ കല്ലും നെല്ലും വേർതിരിക്കപ്പെടാൻ റബ്ബ് അനുഗ്രഹിച്ചു.

അനുയോജ്യമായ അഭിപ്രായങ്ങളും തഫ്സീറുകളിൽ കടന്നുകൂടിയതും ഈ കാലത്തുതന്നെയാണ്. അല്ലാഹുവിന്റെ വചനത്തെക്കുറിച്ച് എന്തു അഭിപ്രായവും പറയാൻ ധൈര്യം കാണിക്കു

ന്നവർ ഈ കാലത്തുണ്ടായി. അവ കൂടാതെ ഇസ്റാഈലിയ്യാത്തുകളുടെ കൂലം കുത്തിയൊഴുക്കും ഈ കാലഘട്ടത്തിലെ സവിശേഷതകളാണ്.

**നാലാംഘട്ടം**

കഴിഞ്ഞ ഘട്ടങ്ങളുടെ ഫലമെന്നോണം രൂപംകൊണ്ട ഘട്ടമാണിത്. തഫ്സീർ കവാടത്തിന്റെ ഇരുപൊളികളും തുറന്നിട്ടിരിക്കുകയാണ്. നമ്മുടെ കാലം വരെ അതു മലർക്കെ തുറന്നിട്ടിരിക്കുന്നു. ഏതൊരാൾക്കും അതിലൂടെ കടന്നുവരാൻ സാധിച്ചിരിക്കുന്നു. ഓരോ കക്ഷികളും അവരുടെ ഹിതംപോലെ ക്വുർആനിനെ അവർക്കനുകൂലമായി വ്യാഖ്യാനിക്കുന്നു. അതോടൊപ്പം ഏതൊരു വിജ്ഞാനശാഖയിൽ പ്രാവീണ്യം നേടിയവരെന്നോ അവർ അതിനനുസൃതമായി വ്യാഖ്യാനിക്കുന്നു, കർമ ശാസ്ത്രജ്ഞന്മാർ അവരുടെ ഫിഖ്ഹിനെ പ്രോത്സാഹിപ്പിക്കുന്നു. എതിരാളികളെ ഖണ്ഡിക്കുന്നു. ഖുർത്വുബിയും, ജസ്സ്വാസും അങ്ങിനെയാണ് ചെയ്തത്. ചരിത്രകാരന്മാർക്ക് ചരിത്രാവതരണമാണ് ലക്ഷ്യം; ഥഅ്ലബിയെപ്പോലും വ്യാകരണ പണ്ഡിതന്മാർ നഹ്‌വും സ്വർഫും പറയാൻ വേദിയാക്കി. തഫ്സീറിനെ, സുജാജും, വാഹിദിയും, അബൂഹയ്യാനും ചെയ്തതങ്ങിനെയാണ്. വചനശാസ്ത്രജ്ഞന്മാരാവട്ടെ തത്വജ്ഞാനികളുടെയും ദാർശനികന്മാരുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്താനും ഖണ്ഡിക്കാനും തഫ്സീർ ഉപയോഗപ്പെടുത്തി. ഫഖ്റുദ്ദീൻ റാസിയെപ്പോലുള്ളവർ ചെയ്തതങ്ങിനെയാണ് (ഇത്ഖാൻ. 2/ 190) ഒന്നര നൂറ്റാണ്ടിന്റെ തുടക്കം മുതൽ ആധുനിക കാലഘട്ടത്തിൽ രചിക്കപ്പെട്ട തഫ്സീറുകളുടെ പേരുകൾ എഴുതുകയെന്നത് ദുഷ്കരമാണ്; എങ്കിലും മാതൃകക്കായി ചില പേരുകൾ താഴെ കൊടുക്കുന്നു:

### تفسير بالمأثور (തഫ്സീറു ബിൽ മഅ്ഥൂർ)

1. جامع البيان في تفسير القرآن ജാമിഉൽബയാൻഫീതഫ്സീറുൽ ക്വുർആൻ. (ابن جرير الطبري ത്വബ്‌രി, മ: 310)
2. بحر العلوم ബഹ്റുൽ ഉലും (أبو الليث نصر بن محمد بن أحمد بن إبراهيم السمرقندي അബൂല്ലൈഥ്സ്സമർഖന്തി, മ: 373)
3. معالم التنزيل മആലീമുത്തൻസീൽ (أبو محمد الحسين بن مسعود البغوي അൽബഗവി, മ: 510)
4. الكشف والبيان അൽകശ്ഫ് വൽബയാൻ (أبو إسحاق أحمد بن إبراهيم الثعلبى النيسابورى അഥ്ഥ്അലബി, മ: 427)
5. المحرر الوجيز في تفسير كتاب الله العزيز അൽമുഹർററുൽവജീസ് ഫീ തഫ്സീരി കിതാബില്ലാഹിൽ അസീസ് (ابن عطية الأندلسي ഇബ്നുഅത്വിയ്യ:, മ: 542 )
6. الدر المنثور في التفسير بالمأثور അദുർറുൽ മൻസൂർഫിത്തഫ്സീരി ബിൽമഅ്ഥൂർ ( عبد الرحمن بن أبي بكر السيوطي അസ്സ്വുയൂത്വി, മ: 911)
7. تفسير القرآن العظيم തഫ്സീറുൽ ക്വുർആനിൽ അളിം (أبي الفداء الحافظ ابن كثير ഇബ്നു കഥീർ, മ: 774)
8. الجواهر الحسان في تفسير القرآن അൽജവാഹിറുൽഹിബാൻ ഫിതഫ്സീറിൽ ക്വുർആൻ ( أبو زيد عبد الرحمن بن محمد بن مخلوف الثعالبي അഥ്ഥആലബി, മ: 875)

9. فتح القدير ഫത്ഹുൽ ഖദീർ (محمد بن علي بن محمد الشوكاني അശ്ശൗകാനി, മ: 1250)

10. أضواء البيان في إيضاح القرآن بالقرآن അള്‌വാ ഉൽബയാൻ ഫീ ഈദാഹിൽ ക്വുർആൻ ബിൽക്വുർആൻ (محمد الأمين بن محمد المختار بن عبد القادر الجكني الشنقيطي അശ്ശൻഖീത്വി, മ: 1393)

## تفسير بالرأي (തഫ്സീറു ബി റഅ്യ്)

1. الكشاف അൽകശ്ശാഫ് (الزمخشري സമഖ്ശരി, മ: 538)

2. مفاتيح الغيب മഫാതീഹുൽഗൈബ് (فخر الدين الرازي അർറാസി, മ: 606)

3. لباب التأويل في معاني التنزيل ലുബാബുത്തഅ്‌വിൽ ഫീ മആനിത്തൻസീൽ (الخازن അൽഖാസിൻ, മ: 741)

4. مدارك التنزيل وحقائق التأويل മദാരികുത്തൻസീൽ വ ഹഖാഇഖുത്തഅ്‌വീൽ (النسفي അന്നസഫി, മ: 684)

5. البحر المحيط അൽബഹറുൽ മുഹീത് (أبو حيان الأندلسي അബൂഹയ്യാൻ, മ: 745)

6. أنوار التنزيل وأسرار التأويل അൻവാറുത്തൻസീൽ വഅ്സറാറുത്തഅ്‌വീൽ (البيضاوي ബൈളാവി, മ: 685)

7. تفسير الجلالين തഫ്സീറുൽ ജലാലൈനി (جلال الدين المحلي ജലാലുദ്ദീൻ അൽമഹല്ലി മ: 864, جلال الدين السيوطي ജലാലുദ്ദീൻ അസ്സുയൂത്തി മ: 911)

8. إرشاد العقل السليم إلى مزايا الكتاب الكريم ഇർശാദുൽ അഖ്‌ലുസ്സലീം ഇലാ മസായാൽ കിതാബിൽ കരീം (أبو السعود محمد بن العمادي അബുസ്സുഊദ്, മ: 982)

9. روح المعاني في تفسير القرآن العظيم والسبع المثاني റൂഹുൽ മആനി ഫീ തഫ്സീറിൽ ക്വുർആനിൽ അളീംവസ്സബഇൽമഥാനി (شهاب الدين محمود ابن عبد الله الحسيني الآلوسي ആലൂസി, മ: 1270)

10. تفسير المنار തഫ്സീറുൽ മനാർ (محمد رشيد بن علي رضا മുഹമ്മദ് റശീദ് രിദാ, മ: 1354)

11. في ظلال القرآن ഫീളിലാലിൽ ഖുർആൻ (سيد قطب സയ്യിദ്ഖുത്ബ്, മ: 1386)

### തഫ്സീറുകളിലെ ശൈലി

മുഫസ്സിറുകൾ തഫ്സീർ എഴുതുമ്പോൾ അദ്ദേഹത്തിന് ആ ഗ്രന്ഥരചനക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തെ الإتجاه (അൽഇത്തിജാഹ്) എന്നാണ് സാങ്കേതികമായി പറയുക. ഈ ലക്ഷ്യത്തിലേക്കെത്താൻ അദ്ദേഹം സ്വീകരിക്കുന്ന വഴിയെ منهج 'മൻഹജ്' എന്നുപറയും.

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ മൻഹജ്, ശിആക്കളുടെ മൻഹജ്, ഖവാരിജുകളുടെ മൻഹജ്, എന്നിങ്ങനെ പല മൻഹജുമുണ്ട്. ഇനി അദ്ദേഹം ആ മൻഹജ് അവതരിപ്പിക്കുന്ന ശൈലിയെ اسلوب (ഉസ്ലൂബ്) എന്നോ, طريقة (ത്വരീഖത്ത്) എന്നോ പറയാറുണ്ട്. പൊതുവേ, നാലുതരം ശൈലിയിലാണ് തഫ്സീറിന്റെ അവതരണരീതി.

1. التفسير التحليلي **(അത്തഫ്സീറുത്തഹ്ലീലിയ്യ്) അപഗ്രഥനവ്യാഖ്യാനം.**

മുസ്ഹഫുകളിലെ ക്രമമനുസരിച്ച് ഒരു കൂട്ടം ആയത്തുകളെയോ ഒരു സൂറത്തിനെയോ മുന്നിൽവെച്ച് അതുമായി ബന്ധപ്പെട്ട ആയത്തുകൾ അവതരിപ്പിച്ചും പദങ്ങളുടെ അർഥം വിശകലനം ചെയ്തും അതിലെ അലങ്കാരം പറഞ്ഞും മതവിധികൾ വിശദീകരിച്ചും വ്യാഖ്യാനിക്കുന്നു.

2. التفسير الاجمالي **(അത്തഫ്സിറുൽ ഇജ്മാലിയ്യ്) സംക്ഷിപ്ത വ്യാഖ്യാനം.**

ഏകദേശം അപഗ്രഥന വ്യാഖ്യാനത്തോട് സാദൃശ്യം എന്നാൽ അത്രതന്നെ വിവരണമില്ലാതെ ആയത്തുകളിലെ ഉള്ളടക്കവും പദങ്ങളുടെ വിശകലനവും കൊണ്ടു മതിയാക്കുന്നു.

അബ്ദുർറഹ്മാനുസ്സഅദിയുടെ تيسير الكريم الرحمن في تفسير كلام المنان മുഹമ്മദുൽ മക്കിന്നാസിരിയുടെ' التيسير في احاديث التفسير അത്തയ്സീർ ഫീ അഹാദീഥിത്തഫ്സീർ, മഹമൂദ് ശൽതൂതിന്റെ ( تفسير القرآن الكريم ( الاجزاء العشرة الأولى 'തഫ്സീറുൽ ക്വുർആനിൽ കരീം അൽഅജ്സാഇൽ അശ്റത്തിൽ ഊല' എന്നിവ ഈ തരം തഫ്സീറുകൾക്ക് ഉദാഹരണമാണ്.

3. التفسير المقارن **(അത്തഫ്സീറുൽ മുഖാറൻ) താരതമ്യ വ്യാഖ്യാനം**

വ്യാഖ്യാതാവ് കുറച്ചു ആയത്തുകൾ നിർണയിക്കുന്നു. എന്നിട്ട് ഇവയോട് ആശയസാദൃശ്യമുള്ള ആയത്തുകളോ, നബിവചനങ്ങളോ സഹാബത്തിന്റെ വചനങ്ങളോ താഴെ എഴുതുന്നു. ചിലപ്പോൾ മറ്റു വേദഗ്രന്ഥങ്ങളിലെ വചനങ്ങളും മുഫസ്സിറുകളുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നു. എന്നിട്ട് താരതമ്യം ചെയ്ത് യോജിച്ചവ സ്ഥാപിക്കുകയും വിയോജിപ്പുള്ളവയെ ഖണ്ഡിക്കുകയും ചെയ്യുന്നു. ത്വബ്രിയുടെ جامع البيان في تفسير القرآن എന്ന തഫ്സീറാണ് ഈ ഗണത്തിൽ എടുത്തുപറയേണ്ടത്.

4. التفسير الموضوعي **(അത്തഫ്സീറുൽ മൗളൂഇയ്യി) വിഷയാസ്പദ വ്യാഖ്യാനം**

ഇവിടെ വ്യാഖ്യാതാവ് ക്വുർആനിലെ ക്രമമനുസരിത്ത് വ്യാഖ്യാനിക്കാതെ ഒരു വിഷയവുമായി ബന്ധപ്പെട്ട ആയത്തുകളെ ഒന്നിച്ചു ഒരുമിച്ചുകൂട്ടി വിഷയം ചർച്ച ചെയ്യുന്നു. ഇങ്ങിനെയുള്ള തഫ്സീറുകൾ പലതരത്തിലുണ്ട്.

i. ക്വുർആനിനെ ക്വുർആൻകൊണ്ട് വ്യാഖ്യാനിക്കുന്നു.

ii. അഹ്കാമുകളെ വ്യാഖ്യാനിക്കുന്നവ. ഉദാഹരണമായി:

a. ക്വുർത്തുബിയുടെ الجامع لاحكام القران 'അൽജമിഉൽഅഹ്കാം'

b. ജസ്സ്വാസിന്റെ احكام القران 'അഹ്കാമുൽക്വുർആൻ'

c. ഇബ്നുൽ അറബിയുടെ احكام القران 'അഹ്കാമുൽക്വുർആൻ'

d. മുഹമ്മദ് സിദ്ദീഖ് ഹസൻ ഖാന്റെ نيل المرام من تفسير آيات الأحكام 'നൈലുൽമറാം മിൻ തഫ്സീറി ആയാത്തിൽ അഹ്കാം'

iii. الأشباه والنظائر അൽഅശ്ബാഹ് വന്നുളാഇർ.

ഇവിടെ വ്യാഖ്യാതാവ് ക്വുർആനിലെ ഒരു പദം കണ്ടെത്തി ഓരോ സ്ഥലത്തും എന്തർഥത്തിനു അതു ഉപയോഗിച്ചുവെന്ന് പറയുന്നു. അതിനാൽ ക്വുർആനിന്റെ പ്രയോഗ രീതികളും പദങ്ങളും വ്യത്യസ്ഥ അർഥഭേദങ്ങളും മനസ്സിലാക്കാൻ കഴിയുന്നു.

ഇപ്രകാരം എഴുതപ്പെട്ട ഗ്രന്ഥങ്ങളാണ്.

1. الأشباه والنظائر في القرآن الكريم അൽഅശ്ബാഹു വന്നളാഇർ ഫിൽ ക്വുർആനിൽ കരീം - മുഖാതിലുബ്നു സുലൈമാൻ

2. التصاريف അത്തസ്വരീഫ് - യഹ്യബ്നു സലാം.

3. بصائر ذوي التمييز في لطائف الكتاب العزيز ബസ്വാഇറു ദവിൽത്തംയിസ് ഫീ ലത്വാഇഫിൽ കിതാബിൽ അസീസ്- അൽഫൈറൂസാബാദി.

4. نزهة الأعين النواظر في علم الوجوه والنظائر നുസ്ഹത്തുൽ അഅ്യുൻ അന്നവാളിർ ഫി ഇൽമിൽ വുജൂഹി വന്നാളാഇർ- ഇബ്നുൽ ജൗസി.

iv. الدراسة التفسيرية അദ്ദിറാസാത്തിത്തഫ്സീരിയ്യ

ഒരു പദത്തിന്റെ ഭാഷാപരമായ അർത്ഥത്തിൽമാത്രം പരിമിതമായിനിൽക്കാതെ ഒരു വിഷയത്തിലോ പ്രശ്നത്തിലോ തുല്യമായവയൊക്കെ എഴുതി വിശകലനം ചെയ്യുന്നു. അവയിലെ നസ്ഖ്, മുശ്കിൽ, അംഥാൽ എന്നിവയുടെയെല്ലാം ഉദ്ദേശങ്ങൾ വിവരിക്കുന്നു. ഇത്തരത്തിൽ എഴുതപ്പെട്ട തഫ്സീറുകളാണ്;

1. അബൂ ഉബൈദത്തുൽ ഖാസിമിബ്നു സലാമിന്റെ الناسخ والمنسوخ 'അന്നാസിഖ് വൽമൻസൂഖ്'.

2. ഇബ്നു ഖുതൈബയുടെ تأويل مشكل القرآن 'തഅ്വിലുമുശ്കിലുൽ ക്വുർആൻ'

3. മാവർദിയുടെ أمثال القرآن 'അംഥാലുൽ ക്വുർആൻ'

4. ഇബ്നുൽ ഖയ്യിമിന്റെ التبيان في أقسام القرآن 'അത്തിബ്യാനുഫീഅഖ്സാമിൽ ക്വുർആൻ'.

5. ഇസ്സുബ്നു അബ്ദിസ്സലാമിന്റെ مجاز القرآن 'മജാസുൽ ക്വുർആൻ' എന്നിവ

## طرق التفسير ത്വുർഖുത്തഫ്സീർ

വിശുദ്ധ ക്വുർആനിന്റെ അവതരണം വ്യക്തമായ അറബിഭാഷയിലാണ് സഹാബികളാകട്ടെ അറബിഭാഷ നന്നായി അറിയുന്നവരും. അതിനാൽ തന്നെ ഭാഷയുടെ താൽപര്യമനുസരിച്ച് ക്വുർആനിന്റെ അർഥവും ആശയവും അവർക്ക് ഗ്രഹിക്കാൻ കഴിഞ്ഞു. എന്നാൽ ഭാഷ മാത്രം ക്വുർആനിന്റെ ആശയഗ്രഹണത്തിനു പര്യാപ്തമല്ല. സംഭവങ്ങൾ, അവതരണ കാരണങ്ങൾ, നാസിഖ്, മൻസൂഖ് പൊതുവായി പറഞ്ഞവ, പ്രത്യേകമായി പറഞ്ഞവ തുടങ്ങി ഒട്ടേറെ കാര്യങ്ങൾകൂടി വ്യാഖ്യാതാവിന് അറിയേണ്ടതുണ്ട്. അതിനാൽ തന്നെ സ്വഹാബത്തിന്റെ കാലം മുതൽ ഇക്കാലം വരെ ക്വുർആൻ ഗ്രഹിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്.

ക്വുർആനിനെക്കുറിച്ച് ചിന്തിക്കാൻ ക്വുർആൻ നിർദ്ദേശിക്കുന്നുണ്ട്.

﴿ كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ ﴾ ص: ٢٩

''നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ''(സ്വാദി; 29),

﴿ أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ﴾ النساء: ٨٢

''അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ?'' (നിസാഅ്: 82),

﴿ أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ﴾ محمد: ٢٤

''അപ്പോൾ അവർ ഖുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ?'' (മുഹമ്മദ്: 24)

ക്വുർആന് വചനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിൽ സ്വഹാബത്തും പിൽക്കാലക്കാരും മൽസരിക്കുക തന്നെ ചെയ്തിട്ടുണ്ട്. ക്വുർആനിനെ ക്വുർആൻ കൊണ്ടുതന്നെ മനസ്സിലാക്കാൻ കഴിഞ്ഞാൽ അവർ അത് സ്വീകരിക്കും. അങ്ങിനെ കഴിഞ്ഞില്ലെങ്കിൽ പ്രവാചകന്റെ സുന്നത്തിലേക്ക് അവർ മടങ്ങും; അതുകൊണ്ടും സാധ്യമായില്ലെങ്കിൽ സ്വഹാബത്തിന്റെ അഭിപ്രായങ്ങൾ പരിശോധിക്കും. അതിലും പരാജയപ്പെടുമ്പോൾ അവർ സ്വയം കാര്യങ്ങൾ കണ്ടെത്താൻ ശ്രമിക്കും. ഈ മാർഗങ്ങൾ പരിശോധനാവിധേയമാക്കുമ്പോൾ രണ്ടു വഴിക്ക് തഫ്സീർ രേഖപ്പെടുത്തപ്പെട്ടതുകാണാം.

**ഒന്ന്: التفسير بالمأثور അത്തഫ്സീർ ബിൽ മഅ്ഥൂർ**

**രണ്ട്: التفسير بالرأي അത്തഫ്സീർ ബിർറഅ്യ്**

പ്രവാചകനിൽനിന്നോ, സ്വഹാബാക്കളിൽനിന്നോ ഉദ്ധരിക്കപ്പെടുന്നവ സനദുകളിലൂടെ രേഖപ്പെടുത്തുന്നവയാണ് التفسير بالمأثور തഫ്സീർ ബിൽ മഅ്ഥൂർ. സനദുകൾ പരിശോധിച്ച് സ്വീകരിക്കാവുന്നതും തിരസ്കരിക്കാവുന്നവയും ഈ ഗണത്തിലുണ്ട്. സനദുകൾ സ്വഹീഹാണെങ്കിൽ നിർബന്ധമായും അതിലെ തഫ്സീർ സ്വീകരിക്കണം.

വിശുദ്ധ ക്വുർആനിലോ, പ്രവാചക വചനങ്ങളിലോ, സഹാബികളുടെ ഇജ്തിഹാദുകളിലോ ആവശ്യമായ തഫ്സീറുകൾ കാണാൻ കഴിഞ്ഞില്ലെങ്കിൽ താബിഉകളുടെ അഭിപ്രായങ്ങളും ഇജ്തിഹാദുകളും സ്വീകരിക്കാവുന്നതാണ്. മുജാഹിദുബ്നു ജബർ, സഈദുബ്നു ജുബൈർ, ഇക്രിമ: മൗലാ ഇബ്നു അബ്ബാസ്, അത്വാഅ്ബിനു അബീ റബാഹ്, ഹസനുൽ ബസ്വരി, മസ്റൂഖ് ബ്നുൽ അജ്ദഅ്, സഈദു ബ്നൽ മുസയ്യബ്, അബുൽ ആലിയ, റബീഉബ്നു അനസ്, ഖത്താദ; ദഹ്ഹാക്ബ്നു മുസാഹിം എന്നിവരിൽ താബിഉകളിലെ പ്രഗൽഭ മുഫസ്സിറുകളാണ്.

തഫ്സീറു റഅ്യ് കൊണ്ടുദ്ദേശിക്കുന്നത് ക്വുർആൻ വചനങ്ങളുടെ ആശയത്തെക്കുറിച്ചുള്ള ഇജ്തിഹാദാണ്. ഒരു മുഫസ്സിറിനുണ്ടാവേണ്ട നിബന്ധനകൾ ഒത്തുചേരുമ്പോൾ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള വിധിതേടി ഇജ്തിഹാദു ചെയ്യുന്നു. മുഫസ്സിറുകൾക്ക് ഈ രംഗത്ത് ഒട്ടേറെ ക്ലേശം സഹിക്കേണ്ടി വന്നിട്ടുണ്ട്. സത്യസന്ധമായി ഈ മാർഗത്തിൽ പ്രവേശിക്കുമ്പോൾ ക്വുർആനിന്റെയും പ്രവാചകന്റെ തിരുവചനങ്ങളുടെയും പിൻബലത്താൽ ഇജ്തിഹാദു ചെയ്ത് വിധി കണ്ടെത്തുന്നതിനെ الرأي المحمود റഅ്യുൽ മഹ്മൂദ് എന്നു പറയുന്നു. അത്തരം റഅ്യുകൾ സ്വീകാര്യമാണ്. എന്നാൽ ഇത്തരം പിൻബലമില്ലാതെ തന്നിഷ്ടത്തിനനുസരിച്ച് സ്വന്തം അഭിപ്രായം പറയുന്നതിനെ الرأي المذموم റഅ്യുൽ മദ്മൂം എന്നും പറയുന്നു. ഈ പ്രവണത മതവിരുദ്ധവും അനുവദിക്കാൻ പറ്റാത്തതുമാണ്. (മുഖദ്ദിമത്തു ഫീ ഉസൂലിത്തഫ്സീർ: പേജ് 105)

റഅ്യുൽ മഹ്മൂദിൽ രചിക്കപ്പെട്ട പ്രമുഖ തഫ്സീറുകൾ

1. مفاتيح الغيب മഫാതിഹുൽ ഗൈബ് - ഫഖ്റുദ്ദീനുർറാസി
2. أنوار التنزيل وأسرار التأويل അൻവാറുത്തൻസീൽ വ അസ്റാറുത്തഅ്വീൽ - ബൈദാവി
3. مدارك التنزيل وحقائق التأويل മദാരിക്കുത്തൻസീൽ വ ഹഖാഇഖുത്തഅ്വീൽ - അബുൽബറകാത്ത്ന്നസഫി
4. بحر المحيط ബഹറുൽ മുഹീത് -അബീഹയ്യാൻ
5. جلالين ജലാലൈനി - മഹല്ലി & സുയൂത്വി
6. روح المعاني في تفسير القرآن العظيم والسبع المثاني റൂഹുൽ മആനി - ആലൂസി
7. تفسير كلام المنان തഫ്സീറു കലാമിൽ മന്നാൻ - അബ്ദുറഹ്മാനുസ്സഅദി
8. محاسن التأويل മഹാസിനുത്തഅ്വീൽ - ജമാലുദ്ദീൻ ഖാസിമ

മദ്മൂമായ റഅ്യ്കൊണ്ടു രചിക്കപ്പെട്ട തഫ്സീറുകളിൽ ചിലത് താഴെ കൊടുക്കുന്നു.

1. تنزيه القرآن عن المطاعن തൻസീഹുൽ ക്വുർആൻ അനിൽ മത്വാഇൻ - അബ്ദുൽ ജബ്ബാർ അൽഹമദാനി അൽമുഅ്തസിലി.
2. الكشاف അൽകശ്ശാഫ് - മഹ്മൂദ് അസ്സമഖ്ശരി, അൽമുഅ്തസി
3. تفسير كتاب الله العزيز തഫ്സീറുകിതാബില്ലാഹിൽ അസീസ് - ഹൂദ് ബ്നുമുഹക്കമുൽ ഹുവ്വാരി
4. تفسير القرآن العظيم തഫ്സീറുൽ ക്വുർആനിൽ അലിം - അബൂമുഹമ്മദ് സഹ്ലുത്തസ്ത്തരി

5. التفسير الكاشف അത്തഫ്സീറുല് കാശിഫ് - മഹ്മൂദ്ജവാദ് മഗ്നിയ്യ്:

## مناهج التفسير മനാഹിജുത്തഫ്സീർ

ഇസ്ലാമിന്റെ ഭൂമി വിസ്തൃതമാവുകയും നൂതന ചിന്തകളും രാഷ്ട്രീയ വഴക്കുകളും കൂടി വരികയും ചെയ്തപ്പോൾ മുസ്ലിംകൾ കക്ഷികളായി പിരിഞ്ഞു. രാഷ്ട്രീയം, വിശ്വാസ ഭിന്നതകൾ, കർമശാസ്ത്ര വ്യത്യസ്ഥത, ശാസ്ത്ര വളർച്ച, ദർശനം, സാമൂഹ്യ കാഴ്ചപ്പാടുകൾ എന്നിവകളെല്ലാം ലക്ഷ്യം വെച്ച് തഫ്സീർ എഴുതുന്ന സമ്പ്രദായവും മുസ്ലിം ലോകത്തു ണ്ടായിട്ടുണ്ട്. മുകളിൽ പറഞ്ഞ വിധത്തിൽ ഇത്തരം മൻഹജുകളിൽ റഅ്യമഹ്മൂദും റഅ്യ്മദ്മൂമും ഉണ്ടായിട്ടുണ്ട്.

സാമൂഹ്യ തകർച്ചയും രാഷ്ട്രീയ അതിപ്രസരവും നിമിത്തം മുസ്ലിം ഉമ്മത്ത് ജീർണതയിൽ അകപ്പെട്ടപ്പോൾ അവരെ അതിൽനിന്ന് മോചിപ്പിക്കണമെന്ന ലക്ഷ്യം വെച്ച് രചിക്കപ്പെട്ട തഫ്സീറുകളുണ്ട്. ഈ വിധത്തിൽ സാമുഹ്യ ഉദ്ധാരണത്തിനായി രചിക്കപ്പെട്ട തഫ്സീറുകളാണ്.

1. تفسير المنار തഫ്സീറുൽ മനാർ- മുഹമ്മദ് റശീദ്രിദാ
2. تفسير المراغي തഫ്സീറുൽ മറാഗീ- അഹ്മദ് മുസ്ത്വഫ മറാഗീ
3. تفسير القرآن الكريم തഫ്സീറുൽ ക്വുർആനിൽകരീം- മഹ്മൂദ് ശൽത്വൂത്ത്
4. في ظلال القرآن ഫീളിലാലിൽ ക്വുർആൻ- സയ്യിദ് ഖുത്ബ്

ഇനിയും വിഭിന്ന ലക്ഷ്യം വെച്ചും ക്വുർആനിലെ ഏതെങ്കിലും വിഷയങ്ങളെ മാത്രം വിവിരിച്ചും, ആസ്വാദന സാഹിത്യ ആയത്തുകൾ മാത്രം വിവരിച്ചും എഴുതപ്പെട്ട തഫ്സീറുകളുണ്ട്.

## إعراب القرآن ഇഅ്റാബിൽ ക്വുർആൻ

വിവരണം വ്യക്തമാക്കൽ, സംസ്കരിക്കൽ എന്നാണ് അറബിഭാഷയിൽ إعراب 'ഇഅ്റാബ്' എന്ന വാക്കിന്റെ അർഥം. എന്നാൽ സാങ്കേതികമായി അറബിഭാഷയിലെ ഒരു പദത്തിന്റെ അന്ത്യാക്ഷരത്തിന്റെ സ്വരമാറ്റത്തിനാണ് ഇഅ്റാബ് എന്നു പറയുന്നത്. ഇഅ്റാബുൽ ക്വുർആൻ എന്നു പറയുന്നത് ക്വുർആനിലെ പദങ്ങളുടെ ക്രമീകരണവും തെറ്റുകൂടാതെ മൊഴിഞ്ഞ് അർഥം വ്യക്തമാക്കലുമാണ്.

മുസ്ലിം ലോകം വിസ്തൃതമാവുകയും അനറബികൾ ഇസ്ലാമിൽ കടന്നുവരികയും ചെയ്തപ്പോൾ ക്വുർആൻ പാരായണത്തിന്റെ അറബി വ്യാകരണത്തെറ്റുകൾ വരുത്തി. ഉദാഹരണമായി ഉമർ (ﷺ)വിന്റെ ഖിലാഫത്ത് കാലത്ത് ഒരു അഅ്റാബി വന്ന് ഒരാളോട് ക്വുർആൻ ഓതിക്കൊടുക്കാൻ പറഞ്ഞു: അപ്പോൾ ഒരാൾ സൂറ: തൗബയിലെ മൂന്നാം വചനം ഇപ്രകാരം ഓതി,

أَنَّ ٱللَّهَ بَرِيٓءٌ مِّنَ ٱلۡمُشۡرِكِينَ ۙ وَرَسُولِهِ

എന്നാൽ ശരിക്ക് ഓതേണ്ടത് ورسوله എന്നാണ്. അഅ്റാബി പറഞ്ഞു: ഓഹോ, റസൂലിൽ നിന്ന് അല്ലാഹു ഒഴിവായോ എന്നാൽ ഞാനും ഒഴിവാകുന്നു. ഈ സംഭവമറിഞ്ഞ ഉമർ (ﷺ) ശരിയായ വിധം അഅ്റാബിക്ക് പറഞ്ഞു കൊടുത്തു. അല്ലാഹുവും അവന്റെ റസൂലും ഒഴിവായരിൽനിന്ന് ഞാനും ഒഴിവാകുന്നു.

ഇത്തരത്തിൽ തെറ്റുകൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ബസ്വറയിലെ ഗവർണറായിരുന്ന സിയാദുബ്നു സുമയ്യ: അബുൽ അസ്വദുദ്ദുഅലിയെ വിളിച്ച് ക്വുർആൻ ഇഅ്റാബ് തെറ്റിച്ച് ഓതാതിരിക്കാനുള്ള മാർഗം കണ്ടെത്തി രേഖപ്പെടുത്താൻ ആവശ്യപ്പെട്ടു. അങ്ങിനെയാണ് അക്ഷരങ്ങൾക്ക് പുള്ളിയും ഹർക്കത്തും വ്യാകരണ നിയമങ്ങളും രൂപപ്പെട്ടത്. പിന്നീടത് വളർന്നു വികസിച്ചു. ആ വിഷയത്തിൽ പ്രഗൽഭന്മാരും നിപുണന്മാരുമായി. ഈ വിഷയത്തിൽ വിചരിതമായ ഗ്രന്ഥങ്ങളാണ്.

1. ഇഅ്റാബുൽ ക്വുർആൻ - അബൂജഅ്ഫർ അഹ്മദ്ബനു മുഹമ്മദുന്നുഹ്ഹാസ്. (മരണം ഹി. 338)
2. ഇബ്നു ഖാലവൈഹി (മരണം ഹി. 370)യുടെ ഇഅ്റാബുസലാഥീന സൂറത്തിൽ മിനൽ ക്വുർആനിൽ കരീം
3. മുശ്കിലുഇഅ്റാബിൽ ക്വുർആൻ- മക്കിയ്യുബ്നു അബീത്വാലിബ്. (മരണം ഹി. 437)
4. അൽബയാൻഫീഗരീബി ഇഅ്റാബിൽ ക്വുർആൻ. അബുൽബറകാത്ത്ബ്നുൽ അൻബാരി (മരണം ഹി. 577)
5. അത്തിബ്യാൻ ഫീ ഇഅ്റാബിൽ ക്വുർആൻ- അബൂൽബഖാഅ് അബ്ദുല്ലാഹിബ്നുൽ ഹുസൈൻ അൽഅക്ബരി (മരണം ഹി. 616) ഇനിയും ഒത്തേറെ ഗ്രന്ഥങ്ങളുണ്ട്.

## غريب القرآن ഗരീബുൽ ക്വുർആൻ

غرب ഗറബ് എന്നു പറഞ്ഞാൽ അകന്നു, غرب ഗർബ് എന്നാൽ അകൽച്ച വിദൂരം എന്നൊക്കെയാണ് ഭാഷാർത്ഥം. غريب ഗരീബ് എന്നാൽ ഒരു വാചകത്തിൽനിന്ന് വ്യക്തമായത്, ഗോപ്യമായ എന്നു സാരം. رجل الغريب റജുലുൽ ഗരീബ് സ്വന്തക്കാരിൽനിന്ന് വിദൂരമായവൻ. എന്നാൽ, വിശുദ്ധ ക്വുർആനിലെ അർത്ഥം പ്രയാസകരവും ഗോപ്യവുമായ പദങ്ങളെ വ്യക്തമാക്കുകയും വിവരിക്കുകയും ചെയ്യുന്ന പ്രത്യേക വിജ്ഞാനശാഖക്കാണ് علم غريب القرآن 'ഇൽമുഗരീബിൽ ക്വുർആൻ' എന്നു പറയുന്നത്.

ഒരു മുഫസ്സിറിന് ഈ ശാസ്ത്രം നന്നായി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇമാം മാലിക്ക് (ﷺ) പറയുകയുണ്ടായി. അറബിഭാഷാ വിജ്ഞാനം അറിഞ്ഞു കൂടാത്ത ഒരാൾ ക്വുർആൻ വ്യാഖ്യാനത്തിനു മുതിർന്നാൽ അത് അവനൊരു ശിക്ഷയായിത്തീരും'. ഇബ്നു അബ്ബാസ് (ﷺ)വിൽ നിന്ന് ഇക്രിമത്ത് (ﷺ) ഉദ്ധരിക്കുന്നു: 'ക്വുർആനിലെ ഗരീബായ പദങ്ങൾ ചോദിക്കുകയാണെങ്കിൽ അറബിക്കവിതകളിൽ അത് പരതുക. കാരണം അറബിക്കവിതകൾ അറബികളുടെ വിജ്ഞാനഭണ്ഡാരമാണ്'. (അൽബുർഹാൻ ഫീ ഉലൂമിൽ ക്വുർആൻ: 1/292-293) ഇബ്നു അബ്ബാസ് (ﷺ) പറയുകയുണ്ടായി.

﴿رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ ﴿٨٩﴾﴾ الأعراف: ٨٩

എന്ന വചനത്തിന്റെ അർത്ഥം എനിക്കറിഞ്ഞുകൂടായിരുന്നു. അങ്ങിനെയിരിക്കെ, ദൂയസൻ ഹിംയരിയുടെ പുത്രി പറയുന്നതു ഞാൻ കേട്ടു 'ഉഫാതിഹുക' ഉഖാളീക എന്നാണ് അവൾ ഉദ്ദേശിച്ചത്. ഇതുപോലെ എത്രയോ സംഭവങ്ങൾ ഉദ്ധരിക്കാറുണ്ട്. അവയെല്ലാം ഈ വിഷയത്തിന്റെ പ്രാധാന്യത്തെയാണ് കുറിക്കുന്നത്. ഗരീബുൽ ക്വുർആൻ അറിയാതെ പോയാൽ ക്വുർആൻ അവതരണലക്ഷ്യത്തിൽനിന്ന് അകന്നുപോവുകയും ചെയ്യും. പ്രഗൽമതികൾക്കു പോലും ഈ അബദ്ധം വരാം. അബുൽ ആലിയ അർറയ്ഹാനി

﴿ ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ٥ ﴾ الماعون: ٥

എന്ന വചനത്തിന്റെ അർത്ഥത്തെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ പറഞ്ഞത്, ഒറ്റയാണോ, ഇരട്ടയാണോ നമസ്കരിച്ചതെന്ന് അറിയാതെ നമസ്കരിച്ചു പിരിഞ്ഞു പോകുന്നവർ എന്നാണതിന്റെ അർത്ഥം. ഈ മറുപടി കേട്ട ഹസൻ(ﷺ) പറഞ്ഞു: എന്താണ് അബുൽആലിയാ താങ്കൾ പറയുന്നത്! അത് അങ്ങിനെയല്ലല്ലോ. അതിന് നിശ്ചയിച്ച സമയത്തെക്കുറിച്ച് ബോധമില്ലാതെ അതു നഷ്ടപ്പെടുത്തന്നവൻ എന്നല്ലേ അതിന്റെ അർത്ഥം. അല്ലാഹു പറഞ്ഞത് عَنْ صَلَاتِهِمْ എന്നല്ലേ, فِي صَلَاتِهِمْ എന്നല്ലല്ലോ. യഥാർത്ഥത്തിൽ അബുൽ ആലിയത്തിന് പിണഞ്ഞ അബദ്ധം. عَنْ എന്നതിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിച്ചില്ല എന്നതാണ്. 'ഗരീബുൽ ക്വുർആൻന്' ഒരു പ്രത്യേക ശാസ്ത്രമായി വളർന്നുവരുന്നതിനു മുമ്പ്, മആനിൽക്വുർആൻ, ഇഅ്റാബുൽ ക്വുർആൻ, മജാസുൽ ക്വുർആൻ എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുകയും ആ പേരിൽ ഗ്രന്ഥങ്ങൾ രചിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇബ്നു അബ്ബാസ്(ﷺ)ാണ് ആദ്യമായി ഈ വിഷയത്തിൽ ഗ്രന്ഥരചന നടത്തിയതെന്ന് പറയപ്പെടുന്നു. അബ്ബാനുബ്നുതഗ്ലബുൽ ബകരി (ഹി: 141)യാണെന്നും അഭിപ്രായമുണ്ട്. ര ണ്ടുമല്ല അബൂഉബൈദ: മഅമറുബ്നുൽമുഥന്ന(210) യാണെന്നും പറയപ്പെടുന്നു. ഈ വിഷയത്തിലെ ചില പ്രധാന ഗ്രന്ഥങ്ങൾ.

1. مسائل نافع بن الأزرق മസാഇലുനാഫിഇബ്നുൽ അസ്റഖ്.
2. مجاز القران മജാസുൽ ക്വുർആൻ- അബൂഉബൈദ മഅ്മർ.
3. معاني القرآن മആനിൽ ക്വുർആൻ- അൽഅഖ്ഫശുൽ അവുസത്ത് (215)
4. تفسير غريب القرآن തഫ്സീറു ഗരീബിൽ ക്വുർആൻ - ഇബ്നുഖുതൈബ. (276)
5. معاني القرآن وإعرابه മആനിൽ ക്വുർആൻ വഇഅ്റാബുഹു- അസ്സുജാജ് (311)
6. نزهة القلوب في تفسير غريب القران നുസ്ഹത്തുൽ ഖുലൂബ് ഫീ തഫ്സീറി ഗരീബിൽ ക്വുർആന് - മുഹമ്മദ്ബ്നു അസീസി സിജിസ്താനി (330)
7. العمدة في غريب القرآن അൽഉംദ ഫീ ഗരീബിൽ ക്വുർആൻ- മക്കിയ്യൂബ്നു അബീത്വാലിബ് (437)
8. المفردات في غريب القرآن അൽമുഫാറദാത്തു ഫീ ഗരീബിൽ ക്വുർആൻ- റാഗിബുൽ ഇസ്ഫഹാനി (502)

9. تذكرة الأريب في تفسير الغريب തദ്കിറത്തിൽ അൽഅരീബ്ബി ഫി തഫ്സീറിൽ ഗരീബ്- ഇബ്നുൽ ജൗസി (597)

10. تحفة الأريب بما في القرآن من الغريب തുഹ്ഫത്തുൽ അരീബ് ബിമാ ഫിൽ ക്വുർആനി മിനൽ ഗരീബ് - അബൂഹയ്യാനിൽ അന്തുലുസി (745)

ഉദാഹരണമായി طعم എന്ന പദം ക്വുർആനിൽ 4 അർത്ഥത്തിൽ ഉപയോഗിച്ചുകാണാം.

1. സൂറ: അഹ്സാബിലെ فَإِذَا طَعِمْتُمْ

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدْخُلُواْ بُيُوتَ ٱلنَّبِيِّ إِلَّآ أَن يُؤْذَنَ لَكُمْ إِلَىٰ طَعَامٍ غَيْرَ نَٰظِرِينَ إِنَىٰهُ وَلَٰكِنْ إِذَا دُعِيتُمْ فَٱدْخُلُواْ فَإِذَا طَعِمْتُمْ فَٱنتَشِرُواْ وَلَا مُسْتَـْٔنِسِينَ لِحَدِيثٍۚ ﴾ الأحزاب: ٥٣

സൂറ: ഖുറൈശിലെ أَطْعَمَهُم

﴿ ٱلَّذِىٓ أَطْعَمَهُم مِّن جُوعٍ وَءَامَنَهُم مِّنْ خَوْفٍۭ ﴿٤﴾ ﴾ قريش: ٤

ഇവിടങ്ങളിൽ അർത്ഥം നാം കഴിക്കുന്ന ഭക്ഷണം തന്നെ.

2. 'شراب' പാനീയം എന്ന അർത്ഥത്തിലാണ്

സൂറ: മാഇദയിലെ 93-ാം വചനത്തിലെ فِيمَا طَعِمُوٓاْ

﴿ لَيْسَ عَلَى ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ جُنَاحٌ فِيمَا طَعِمُوٓاْ إِذَا مَا ٱتَّقَواْ وَّءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ ثُمَّ ٱتَّقَواْ وَّءَامَنُواْ ثُمَّ ٱتَّقَواْ وَّأَحْسَنُواْۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿٩٣﴾ ﴾ المائدة: ٩٣

എന്ന പദവും

സൂറ: ബഖറയിലെ 249 വചനത്തിലെ وَمَن لَّمْ يَطْعَمْهُ

﴿ فَلَمَّا فَصَلَ طَالُوتُ بِٱلْجُنُودِ قَالَ إِنَّ ٱللَّهَ مُبْتَلِيكُم بِنَهَرٍ فَمَن شَرِبَ مِنْهُ فَلَيْسَ مِنِّى وَمَن لَّمْ يَطْعَمْهُ فَإِنَّهُۥ مِنِّىٓ إِلَّا مَنِ ٱغْتَرَفَ غُرْفَةًۢ بِيَدِهِۦۚ ﴾ البقرة: ٢٤٩

എന്ന പദവും ഉപയോഗിച്ചിട്ടുള്ളത്.

3. അറുത്ത വസ്തുക്കൾ എന്ന അർത്ഥത്തിലാണ് സൂറ: മാഇദയിലെ അഞ്ചാം വചനത്തിലെ

﴿ ٱلۡيَوۡمَ أُحِلَّ لَكُمُ ٱلطَّيِّبَٰتُۖ وَطَعَامُ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ حِلّٞ لَّكُمۡ وَطَعَامُكُمۡ حِلّٞ لَّهُمۡۖ ﴾ المائدة: ٥

എന്നത് ഉപയോഗിച്ചത്.

3. മത്സ്യം എന്ന അർത്ഥത്തിലാണ് സൂറ: മാഇദയിലെ 96-ാം വചനത്തിലെ صَيۡدُ ٱلۡبَحۡرِ وَطَعَامُهُۥ

﴿أُحِلَّ لَكُمۡ صَيۡدُ ٱلۡبَحۡرِ وَطَعَامُهُۥ مَتَٰعٗا لَّكُمۡ وَلِلسَّيَّارَةِۖ ﴾ المائدة: ٩٦

എന്ന പദം ഉപയോഗിച്ചത്.

മറ്റൊരുദാഹരണം. قِيام എന്ന പദം മൂന്ന് അർത്ഥത്തിൽ ഉപയോഗിച്ചുകാണാം.

1. എഴുന്നേറ്റുനിൽക്കുക: സൂറ; സുമറിലെ 68-ാം വചനത്തിലെ قِيَامٞ يَنظُرُونَ

﴿وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلۡأَرۡضِ إِلَّا مَن شَآءَ ٱللَّهُۖ ثُمَّ نُفِخَ فِيهِ أُخۡرَىٰ فَإِذَا هُمۡ قِيَامٞ يَنظُرُونَ ٦٨ ﴾ الزمر: ٦٨

2. നിന്നു നമസ്കരിക്കുക: സൂറ: ആലുഇംറാനിലെ 191-ാം വചനത്തിലെ قِيَٰمٗا എന്ന പദം.

﴿ ٱلَّذِينَ يَذۡكُرُونَ ٱللَّهَ قِيَٰمٗا وَقُعُودٗا وَعَلَىٰ جُنُوبِهِمۡ وَيَتَفَكَّرُونَ فِي خَلۡقِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ رَبَّنَا مَا خَلَقۡتَ هَٰذَا بَٰطِلٗا سُبۡحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ١٩١ ﴾ آل عمران: ١٩١

3. നിലനിൽപിനുള്ള മാർഗം: സൂറ: നിസാഇലെ 5-ാം വചനത്തിലെ جَعَلَ ٱللَّهُ لَكُمۡ قِيَٰمٗا

﴿ وَلَا تُؤۡتُواْ ٱلسُّفَهَآءَ أَمۡوَٰلَكُمُ ٱلَّتِي جَعَلَ ٱللَّهُ لَكُمۡ قِيَٰمٗا وَٱرۡزُقُوهُمۡ فِيهَا وَٱكۡسُوهُمۡ وَقُولُواْ لَهُمۡ قَوۡلٗا مَّعۡرُوفٗا ٥ ﴾ النساء: ٥

എന്നതും

മാഇദ: 97 ലെ جَعَلَ ٱللَّهُ ٱلۡكَعۡبَةَ ٱلۡبَيۡتَ ٱلۡحَرَامَ قِيَٰمٗا

﴿ ۞ جَعَلَ ٱللَّهُ ٱلۡكَعۡبَةَ ٱلۡبَيۡتَ ٱلۡحَرَامَ قِيَٰمٗا لِّلنَّاسِ وَٱلشَّهۡرَ ٱلۡحَرَامَ وَٱلۡهَدۡيَ وَٱلۡقَلَٰٓئِدَۚ ذَٰلِكَ لِتَعۡلَمُوٓاْ أَنَّ ٱللَّهَ يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ وَأَنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٌ ٩٧ ﴾ المائدة: ٩٧

എന്നതിലെ قِيَٰمٗا എന്നത്.

ഇസ്‌ലാമിന്റെ ആവിർഭാവകാലത്തുതന്നെ ഈ വിജ്ഞാനശാഖ തുടങ്ങുകയും പിന്നീടത് വളർന്ന് വികസിക്കുകയും ചെയ്തു. ഒട്ടേറെ ഗ്രന്ഥങ്ങളും തദ്‌വിഷയത്തിൽ വിചരിതമായി. അവയിൽ ചിലതാണ്.

1. الاشباه والنظائر في القرآن الكريم അൽഅശ്ബാഹു വന്നളാഇറു ഫിൽ ക്വുർആനിൽ കരീം مقاتل بن سليمان البلخي മുഖാതിലുബ്നുസുലൈമാൻ അൽബൽഖി. (മ: 150)

2. ما اتفق لفظه واختلف معناه من القرآن المجيد മാ ത്തഫഖ ലഫ്ളുഹു വഖ്തലഫ മഅ്നാഹു മിനൽ ക്വുർആനിൽ മജീദ് - أبو العباس المبرد അബുൽ അബ്ബാസിൽ മുബർറിദ് (മ: 285)

3. تحصيل نظائر القرآن തഹ്സ്വീലു നളാഇരിൽ ക്വുർആൻ - الحكيم الترمذي അൽഹകീമുത്തുർമുദി (മ: 320)

4. الوجوه والنظائر لألفاظ كتاب الله العزيز അൽജൂഹു വന്നളാഇരു ലി അൽഫാളി കിതാബില്ലാഹിൽ അസീസ് - الدامغاني അബൂഅബ്ദില്ലാ അദ്ദാമിഗാനി (മ: 478)

5. نزهة الأعين النواظر في علم الوجوه والنظائر നൂസ്ഹത്തുൽ അഅ്യുനി ന്നവാളിരി ഫീ ഇൽമിൽ വുജൂഹി വന്നളാഇരി - ഇബ്നുൽ ജൗസി(മ: 597)

6. كشف السرائر في معنى الوجوه والأشباه والنظائر കശ്ഫു സ്സറാഇർ ഫീ മഅ്നൽ വുജൂഹി വൽ അശ്ബാഹി വന്നളാഇർ - ابن العماد ഇബ്നുൽ ഇമാദ് (മ: 887)

ഇവിടെ അവസാനിപ്പിക്കുകയാണ്. തഫാസീറുകളെക്കുറിച്ചും അതിന്റെ ഉസൂലുകളെക്കുറിച്ചും നമ്മുടെ അറബിക്കോളേജുകളിലെ വിദ്യാർഥികളിൽ ചിന്ത ജനിപ്പിക്കുകയെന്നതാണ് ഈ ലേഖന ലക്ഷ്യം. ഈ രംഗത്ത് പൂർവസൂരികൾ നിർവഹിച്ച ത്യാഗങ്ങളും പ്രയാസങ്ങളും അറിയണം. അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ അർഥ വ്യാപ്തിയും അതിലൂടെ ലഭിക്കേണ്ട ഹിദായത്തും നാം അറിയണം. തോന്നിയതൊക്കെ തഫ്സീറായി പറയാവതല്ല. ഒരു ക്വുർആൻ പരിഭാഷ വായിച്ചറിയുന്നതോടെ ക്വുർആൻ പഠിച്ചുവെന്ന ധാരണയിൽപ്പെട്ടുപോകരുത്.

വിശുദ്ധ ക്വുർആനിന്റെ ഹിദായത്തും അതിലെ അഗാധമായ വിജ്ഞാന സാഗരവും അനുഭവിച്ചറിയാനും അതുമുഖേന അല്ലാഹുവിന്റെ പ്രവിശാലമായ സ്വർഗത്തിലെത്താനും അല്ലാഹു നമുക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ. آمين

(ജാമിഅ: നദ്‌വിയ്യ സുവനീർ 45ാം വാർഷിക സമ്മേളനപതിപ്പ് (പേജ് 92-101))